# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല – മൂവാറ്റുപുഴ നഗരസഭ – മൂവാറ്റുപുഴ വില്ലേജ് – **പെട്രോൾ പമ്പ് നിർമ്മാണം** – ലേ- ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മൂവാറ്റുപുഴ നഗരസഭ സെക്രട്ടറിയുടെ 25/09/2019, 07/01/2020 എന്നീ തീയതികളിലെ PW2-BA-109/2019-2020 നമ്പർ കത്തുകൾ.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 26/11/2019, 21/01/2020 യഥാക്രമം TCPEKM/2151/2019-D, TCPEKM/2484/2019-D എന്നീ നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2952/19-C3** തീയതി: **05/02/2020**

---

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭ പരിധിയിലുള്ള മൂവാറ്റുപുഴ വില്ലേജിൽ സർവ്വേ നമ്പർ 145/9-5, 145/9-6 എന്നിവയിൽ ഉൾപ്പെട്ട 809 ച.മീ. സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് 34.98 ച.മീ., കനോപ്പി 204 ച.മീ. ഉൾപ്പെടെ ആകെ 238.98 ച.മീ. വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** (HPCL) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. അബ്ദുൾ ജലീൽ, ശ്രീ.ലത്തീഫ്, ശ്രീ.അബ്ദുലെസ്,** ഐക്കര പറമ്പിൽ ഹൗസ് 81 B, രണ്ടാർ.പി.ഒ., മൂവാറ്റുപുഴ – ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് . നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലായെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ടനിർമാണം കെ.എം.ബി.ആർ.1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
3. ഫയർ ഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള NOC ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.

5. ഖര മാലിന്യ സംസ്കരണം/ഉപരിതല ജല നിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.
6. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് / നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
7. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, KMBR 99 ചട്ടം 59(15) പ്രകാരം Liquid waste manangement treatment plant ഉം, ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന waste water, recycle ചെയ്ത് reuse ചെയ്യുന്നതിനുള്ള സംവിധാനം ചട്ടം 59(16) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പു വരുത്തണം.
8. കെ.എം.ബി.ആർ. 1999 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപപത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമേ അപേക്ഷ നിർമ്മാണ അനുമതിയ്ക്കായി പരിഗണിക്കാവൂ.
9. KMBR ചട്ടം 59(8) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. KMBR ചട്ടം 59(9) പ്രകാരം പെട്രോൾ ടാങ്കിന്റെയുംVent പൈപ്പിന്റെയും സ്ഥാനവും നിർമാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **25/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
മൂവാറ്റുപുഴ നഗരസഭ

<u>പകർപ്പ്:-</u>

1. അബ്ദുൾ ജലീൽ, ശ്രീ.ലത്തീഫ്, ശ്രീ.അബ്ദുലെസ്,
   ഐക്കര പറമ്പിൽ ഹൗസ് 81 B, രണ്ടാർ.പി.ഒ., മൂവാറ്റുപുഴ, എറണാകുളം
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം